LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐ.ടി.@സ്കൂൾ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുത്ത 2500 പേർക്ക് റാസ്ബറി പൈ കിറ്റ് ഇതിനകം നൽകിക്കഴിഞ്ഞു.

(ബി) ടി-ടി ബി ഐ, ഐ.ടി.@സ്കൂൾ, സ്റ്റാർട്ട് അപ്പ് വില്ലേജ് എന്നിവരുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

(സി) ഇതിനായി 2014-15-ൽ 4 കോടി രൂപയും 2015-16-ൽ 5.5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഉണഭോക്താക്കളായ വിദ്യാർത്ഥികളെ ഐ.ടി.@സ്കൂൾ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് ഐ.ടി.@സ്കൂളിന്റെ നേതൃത്വത്തിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ ഓരോ സ്കൂളിൽ നിന്നും ഒരു മികച്ച വിദ്യാർത്ഥി എന്ന രീതിയിൽ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്. ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(എഫ്) പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി 2500-ഓളം വിദ്യാർത്ഥികളെ ഐ.ടി.@സ്കൂൾ മുഖേന തെരഞ്ഞെടുക്കുകയും അവർക്ക് റാസ്ബറി പൈ കിറ്റ് നൽകുകയും ചെയ്തു. അവസാന ഘട്ടമായ 'ഡെമോ ഡേ' നടത്തുന്നതിനായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം 'ഡെമോ ഡേ'യിൽ നടത്തുകയും തെരഞ്ഞെടുക്കുന്ന മികച്ച വിദ്യാർത്ഥിക്ക് പാരിതോഷികം നൽകുന്നതുമാണ്. 2015-16-ൽ 7500-ഓളം വിദ്യാർത്ഥികൾക്കുകൂടി റാസ്ബറി പൈ കിറ്റ് നൽകുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഉന്നമന പദ്ധതികൾ

186(2175) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവര സാങ്കേതിക വകുപ്പ് ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യംവച്ച് പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നില്ല. എന്നാൽ സ്പീഡ് ഐ.ടി., പി.ജി. ഡിപ്ലോമ ഇൻ ഇ-ഗവേണൻസ്, വുമെൻ റിസോഴ്സ് സെന്റർ തുടങ്ങി ഐ.ടി. മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആവശ്യമായ പ്രാതിനിധ്യം നൽകുന്നുണ്ട്.

തലശ്ശേരിയിലെ ഐ.ടി. പാർക്ക്

187(2176) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി പണം വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തലശ്ശേരിയിൽ ഒരു ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സാധ്യതാ പഠനം കെ.എസ്.ഐ.ടി.ഐ.എ. ൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഐ.ടി. പാർക്കിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും, സാങ്കേതിക-സാമ്പത്തിക സാധ്യതാ പഠനം നടത്തുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി പണം വകയിരുത്തിയിട്ടില്ല.

വെർച്വൽ ഐ.ടി. കേഡർ

188(2177) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെർച്വൽ ഐ.റ്റി. കേഡർ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ ;